LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേ വികസനത്തിനായി കേന്ദ്ര റെയിൽവേ മന്ത്രാലയം അനുവദിച്ച തുക

237 (687) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കേന്ദ്ര റെയിൽവേ മന്ത്രാലയം എത്ര തുകയാണ് സംസ്ഥാന സർക്കാരിന് കൈമാറിയിരിക്കുന്നത് ;

(ബി) ഇത് ഏതൊക്കെ പദ്ധതികൾക്ക് എത്ര വീതമെന്ന് വിശദമാക്കുമോ ;

(സി) എറണാകുളം-കായംകുളം പാത ആലപ്പുഴവഴിയും, കോട്ടയംവഴിയും ഇരട്ടിപ്പിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായ തുക സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര തുക; എന്നാണ് കൈമാറിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാരിന് തുകയൊന്നും കൈമാറിയിട്ടില്ല. അനുവദിക്കുന്ന തുക റെയിൽവേ നേരിട്ടാണ് വിനിയോഗിക്കുന്നത്.

റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

238 (688) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റെയിൽവേ വികസനത്തിനായി ഭൂമി ഏറ്റെടുത്ത് നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാൻ ആവശ്യപ്പെട്ടതെന്നും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ ;

(സി) ഇതിനകം സംസ്ഥാന സർക്കാർ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകി എന്നും അത് ഏതെല്ലാം പദ്ധതികൾക്കാണെന്നും അതിന് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് നൽകാൻ സാധിക്കാത്തതുമൂലം സംസ്ഥാനത്തിന് റെയിൽവേ വികസന പദ്ധതികൾ നഷ്ടപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;